## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം | 16-05-2017- ൽ
നം: 4075 | മറുപടിയ്ക്ക്

## നൂനപക്ഷ വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ.ടി. ജലീൽ**<br>**(തദ്ദേശസ്വയംഭരണവും നൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൂനപക്ഷ വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനായി ചെയ്ത കാര്യങ്ങൾ/പദ്ധതികൾ വിശദീകരിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നൂനപക്ഷ വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1.സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്<br>2. ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം<br>3. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന നൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ-റീ ഇംബേഴ്സ്മെൻറ് സ്കീം<br>4. എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ബിരുദ/ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ നൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്<br>5. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി<br>6. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>7. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ്<br>8. എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി |
| (ബി) | കഴിഞ്ഞ സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിയ ഏതെങ്കിലും പരിപാടികൾ/പദ്ധതികൾ ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ ; | (ബി)<br>(സി)<br>&<br>(ഡി) | ഇല്ല |
| (സി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (ഡി) | ഏതെങ്കിലും പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**